**പതിമൂന്നാം കേരള നിയമസഭ**

**2-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2985** **13-10-2011-ന് മറുപടി നൽകേണ്ടത്.**

## ' 100 ദിന കർമ്മപരിപാടിയിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ലിസ്റ്റ് '


**ചോദ്യം**
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

**ഉത്തരം**
**ശ്രീ. ഉമ്മൻചാണ്ടി**
(മുഖ്യമന്ത്രി)


| ചോദ്യം | ഉത്തരം |
|---|---|
| (എ). 100 ദിന കർമ്മപരിപാടിയിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ലിസ്റ്റ് വിശദമാക്കാമോ ; | (എ). മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതി കളിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണിയോർഡറായി സ്വീകരിക്കും, കൊല്ലം, തൃശൂർ നഗരസഭകളിൽ വികസന അതോറിറ്റികൾ, കോഴിക്കോട് വികസന അതോറിറ്റി, സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സിക്ക്, ഉന്നത സ്വാശ്രയകോളേജുകൾക്ക് എൻ.ഒ.സി, വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയൊഴികെ എല്ലാ പദ്ധതികളും നടപ്പിലാക്കുകയോ, നടപ്പിലാക്കൽ പ്രക്രിയയിലോ ഉള്ളവയാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടി സർക്കാർ വെബ്സൈറ്റിൽ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. |
| (ബി). ഇതിൽ നിലവിലുള്ള സർക്കാർ പുതുതായി കൊണ്ടുവന്ന പണികൾ പൂർത്തീകരിച്ച വ യു ടെ വിവരങ്ങൾ നൽകാമോ; | (ബി). മുഖ്യമന്ത്രിയുടെ ഓഫീസിനോടനുബന്ധിച്ച് 7 ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ രൂപീകരിച്ചു. കൂടാതെ ബി.പി.എൽ.കാർക്ക് ഒരു രൂപാ നിരക്കിൽ 25 കിലോ അരി നൽകി. പച്ചക്കറിവിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അംഗൻവാടി ഹെൽപ്പർമാർക്കും അദ്ധ്യാപകർക്കും പുനർനിയമനം നൽകി. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു ലക്ഷം രൂപാ വീതം അനുവദിച്ചു. വയനാട്ടിലെ ആദിവാസി അമ്മമാരുടെ പുനരധിവാസ നടപടികൾ, കുട്ടനാട്ടിൽ നെല്ലു സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണംചെയ്തു തുടങ്ങിയ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. |

(..................2)

| | |
|---|---|
| (സി). കഴിഞ്ഞ സർക്കാർ തുടങ്ങി ഇപ്പോൾ പൂർത്തിയാക്കിയവയുടെ ലിസ്റ്റ് നൽകാമോ ; | (സി). അത്തരം പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. |
| (ഡി). ഇനിയും പ്രഖ്യാപിച്ചു തുടങ്ങാത്ത പദ്ധതികൾ എത്രയാണ്; വിശദമാക്കാമോ ; | (ഡി).യും (ഇ) യും ബാധകമല്ല |
| (ഇ). തുടങ്ങി, പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ എത്രയാണ്; വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ